**റൂളിംഗ്**

മി. സ്പീക്കർ: 2013 മാർച്ച് മാസം 14-ാം തീയതി ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാവുന്നത് അല്ലാത്തതിനാലും പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് അദ്ദേഹം നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും നിയമസഭാംഗമെന്ന ബഹുമാന്യമായ പദവിയ്ക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രീ. പി. സി. ജോർജിനെ താക്കീത് ചെയ്യുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നിയസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും അതിലൂടെ ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ ഭരണഘടനാപരമായ ബാദ്ധ്യതയായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിക്കണമെന്നും ശക്തമായി ആവശ്യപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ആ നിലയ്ക്ക് 2013 നവംബർ 6-ാം തീയതി കേരളാ കോൺഗ്രസ്സ് (എം)- ന്റെ രണ്ട് മെമ്പർമാർകൂടി .....

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് ദീർഘമായി സംസാരിക്കാൻ പറ്റില്ല.

ശ്രീ. പി. സി. ജോർജ്: ദീർഘമായി സംസാരിക്കില്ല. രണ്ട് മെമ്പർമാർകൂടി ...... എടുത്ത ഈ തീരുമാനത്തേയും അങ്ങയുടെ തീരുമാനത്തേയും വളരെ ആദരവോടുകൂടി സ്വീകരിക്കുന്നു. പക്ഷേ ഒരു കാര്യം, ഞാൻ എന്റെ വീട്ടിലിരുന്ന് ഒരു സ്വകാര്യ സംഭാഷണത്തിൽ കുറെ പത്രപ്രവർത്തകർ സ്നേഹം സമ്പാദിച്ച് സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞ കാര്യങ്ങൾ ഒളിക്യാമറയിൽ പകർത്തി അത് പ്രസിദ്ധീകരിച്ച് എന്നെ അപമാനിക്കാൻ ശ്രമിച്ച സാഹചര്യം കേരളത്തിലെ ജനങ്ങൾക്ക് അറിയാം. ആ നിലയ്ക്ക് അങ്ങനെയാണെങ്കിൽ, എന്റെ വീട്ടിലിരുന്ന് സംസാരിച്ചതിന് എന്നെ ശാസിക്കുന്ന ഈ പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി ഇന്നലെ ഈ സഭയിൽ ശ്രീ. ആർ. സെൽവരാജുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങളെപ്പറ്റി ഈ കമ്മിറ്റി ഒരു തീരുമാനമെടുത്താൽ എന്താകും എന്നുകൂടി അങ്ങ് ശ്രദ്ധിക്കണം. ഞാൻ വളരെ ആദരവോടുകൂടി സ്വീകരിക്കുന്നു. ഇനിയെങ്കിലും ഒരു മെമ്പർമാരും വീട്ടിലിരുന്ന് സ്വകാര്യംപോലും പറയരുത് എന്ന ഈ കമ്മിറ്റിയുടെ തീരുമാനത്തെ ഞാൻ ശിരസ്സാവഹിക്കുന്നു.